# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **129/2026** തിരുവനന്തപുരം, തീയതി : **23/06/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ (FYUGP) പ്രവേശനം - 2026 ബിഎ മ്യൂസിക് (വോക്കൽ) കോഴ്‌സുകളുടെ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിഎ മ്യൂസിക് (വോക്കൽ) കോഴ്‌സിലേക്കുള്ള പ്രവേശനത്തിനായി നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് അടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ് ലിസ്റ്റ് സർവകലാശാലയുടെ അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/fyugp2026) പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് ലഭിച്ചവർ 2026 ജൂൺ 29 (29/06/2026) ന് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അഡ്മിഷൻ പോർട്ടൽ സന്ദർശിക്കുക. അഡ്മിഷൻ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അപാർ (APAAR) ഐഡി നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ആയതിനാൽ നിലവിൽ അപാർ (APAAR) ഐഡി ഇല്ലാത്ത വിദ്യാർത്ഥികൾ അഡ്മിഷൻ തീയതിക്ക് മുൻപായി www.abc.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് അപാർ (APAAR) ഐഡി ജനറേറ്റ് ചെയ്യേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 8281883052 (**Whatsapp also**).

### ബോർഡ് ഓഫ് സ്റ്റഡീസുകളിലേയ്ക്ക് അംഗമാകാനുള്ള സന്നദ്ധത ക്ഷണിക്കുന്നു

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/ എയ്ഡഡ് കോളേജുകളിലേയും സർവകലാശാല പഠന ഗവേഷണ വകുപ്പുകളിലേയും സ്ഥിരം അദ്ധ്യാപകരിൽ നിന്നും കേരളസർവകലാശാലയിലെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസുകളിലേയ്ക്ക് അംഗമാകാനുള്ള സന്നദ്ധത ക്ഷണിക്കുന്നു. സന്നദ്ധത അറിയിക്കേണ്ട അവസാന തീയതി 2026 ജൂലൈ 03. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂലൈയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബിഎ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (സപ്ലിമെന്ററി - 2021, 2022 & 2023 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബിഎ/ബിഎസ്‌സി/ബികോം ന്യൂജെനറേഷൻ ഡബിൾ മെയിൻ (സപ്ലിമെന്ററി – 2021 – 2023 അഡ്മിഷൻ വരെ, മേഴ്സിചാൻസ് - 2020 അഡ്മിഷൻ), ജൂലൈ 2026 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ രണ്ടാം സെമസ്റ്റർ ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്ക് 2026-2027 അദ്ധ്യയന വർഷത്തിൽ മൂന്നാം സെമസ്റ്ററിലേക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിരിക്കണം. ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും കോളേജ് മാറ്റം അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ പരീക്ഷകളുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലെയും പ്രിൻസിപ്പൾമാരുടെ ശുപാർശയോടെ 1075/- രൂപ ഫീസ് അടച്ച് സർവകലാശാലയിൽ 08/07/2026 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2026 ജൂലൈ 08. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**